**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5527** **24-03-2025 - ൽ മറുപടിയ്ക്ക്**

**കോടതി ഫീസ്, ഓൺലൈൻ ആയി അടയ്ക്കുന്നതിലെ പ്രായോഗിക ബുദ്ധിമുട്ടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കോടതി ഫീസ്, എൽ.ബി.എഫ്. എന്നിവ ഓൺലൈൻ ആയി അടയ്ക്കുന്നതിൽ അഡ്വക്കേറ്റുമാരും ക്ലർക്കുമാരും പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം പരിശോധിക്കുമോ; | (എ) | ഓൺലൈൻ പെയ്മെന്റുമായി ബന്ധപ്പെട്ട് റിപ്പോർട്ട് ചെയ്യപ്പെടുന്ന ഏതൊരു സാങ്കേതിക പ്രശ്നങ്ങളും ഹൈക്കോടതിയുടെ ഐ ടി ടെക്നിക്കൽ സെൽ ഉടനടി അവലോകനം ചെയ്യുകയും പരിഹരിക്കുകയും ചെയ്യുന്നുണ്ട് .ബാങ്കുകളുടെ അക്കൗണ്ട് ട്രാൻസാക്ഷനിലെ നിയന്ത്രണങ്ങൾ സംബന്ധിച്ച വിഷയങ്ങൾ അതാത് ബാങ്കുകളുടെ പരിധിയിൽ വരുന്നതാണ് . |
| (ബി) | വലിയ തുക ഓൺലൈൻ ആയി അടയ്ക്കേണ്ടി വരുമ്പോൾ ബാങ്കുകളുടെ അക്കൗണ്ട് ട്രാൻസാക്ഷനിലെ നിയന്ത്രണങ്ങൾ മൂലം അക്കൗണ്ടിൽ ആവശ്യമായ പണമുണ്ടായിട്ടും യഥാസമയം പണം ട്രാൻസ്ഫർ ചെയ്യുന്നതിൽ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | എ യിലെ ഉത്തരത്തിൽ ചേർത്തിട്ടുണ്ട് |
| (സി) | നിലവിൽ സ്റ്റാമ്പ് പേപ്പർ ഓൺലൈൻ ആയി ലഭിക്കുമെന്നുള്ളതിനാലും എത്ര വലിയ തുകയുടെ സ്റ്റാമ്പ് പേപ്പറും ഒറ്റ പേപ്പറായി പ്രിന്റ് ചെയ്തെടുക്കാമെന്നുള്ളതും കണക്കിലെടുത്ത് വലിയ തുക കോടതി ഫീസും എൽ.ബി. എഫും അടക്കേണ്ടിവരുന്ന സന്ദർഭങ്ങളിൽ ഇ-സ്റ്റാമ്പ് പേപ്പർ കൂടി ഇക്കാര്യത്തിനായി ഉപയോഗിക്കുന്ന തരത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തി നിർദേശങ്ങൾ നൽകുമോയെന്ന് വിശദമാക്കുമോ? | (സി) | ഈ വിഷയത്തിൽ ബഹു .ഹൈക്കോടതിയോട് ചില കാര്യങ്ങളിൽ വ്യക്തത തേടിയിരിക്കുകയാണ് |

സെക്ഷൻ ഓഫീസർ